TB Movie Panel Weekly Review

**#MoviePanel**

അനിയത്തി പ്രാവ്
ഓർമകളിലൂടെ ഒരു യാത്ര

എഴുതിയത് : Lijo Rachel

ഒരിക്കൽ,കൃത്യമായി പറഞ്ഞാൽ,ഇരുപത്തിയഞ്ചു വർഷങ്ങൾക്ക് മുൻപുള്ള ആ വിഷുക്കാലത്തു, അതായത്,1997 മാർച്ച് 26 ന്, ഒരു സാധാരണ സിനിമ പോലെ, വിഷു റിലീസ് ആയി ഒരു പടമിറങ്ങി; ശേഷം പുതിയൊരു ചരിത്രത്തിലേയ്ക്ക് നടന്നു തുടങ്ങുകയായിരുന്നു എന്ന് പോലും അറിയാതെ തന്നെ, റിലീസ് കഴിഞ്ഞു ആഴ്ചകൾ മാത്രം പിന്നിട്ടപ്പോഴെ വിജയത്തിലേയ്ക്ക് ജൈത്ര യാത്ര തുടങ്ങിയ ഒരു ചിത്രത്തെ പറ്റിയാണ് ഇന്ന് ഞങ്ങൾ പറഞ്ഞു വരുന്നത്.അതായത്, ഒരു സിൽവർ ജൂബിലി സ്പെഷ്യൽ റിവ്യൂ!

ബേബി ശാലിനി നായികയായി അഭിനയിക്കുന്ന ആദ്യ സിനിമ, 'സൂപ്പർ സിനിമ' എന്നതൊക്കെ ആയിരുന്നു, റിലീസിംഗ് സമയത്ത്,അനിയത്തി പ്രാവിനെ പറ്റി സാധാരണ പ്രേക്ഷകർക്ക് തമ്മിൽ പറയാനുണ്ടായിരുന്നത്. പക്ഷെ 'super പടം' എന്ന് ആദ്യമാദ്യം സിനിമ കണ്ടവർ നല്കിയ mouth publicity വഴി കൂടുതൽ ആളുകൾ തിയേറ്ററിലേയ്ക്ക് ഒഴുകി.

സിനിമയെയും സിനിമ കുടുംബങ്ങളെയും പറ്റി പണ്ടേ പരിചയമുള്ളവർക്ക്, ഉദയ കുടുംബത്തിലെ യുവ തലമുറക്കാരൻ നായകനാകുന്നതും ഈ സിനിമയുടെ ഒരു പ്രത്യേകത ആയിരുന്നു.

സിനിമയുടെ മറ്റു വിശേഷങ്ങളിലേയ്ക്ക് ഒരു യാത്ര ആയാലോ!

അനിയത്തിപ്രാവ് പറത്തിവിട്ട അലയൊലികളിലൂടെ:

സിനിമ ഇറങ്ങി കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ,കുഞ്ചാക്കോ ബോബൻ എന്ന, ആ നീണ്ടു കൊലുന്നനേയുള്ള പയ്യനും, ശാലിനി, ആ കൂടെയുള്ള പെൺകുട്ടിയും കൂടി, ഒരു രാജമല്ലി വിരിയിച്ചു കൊണ്ട്, ബൈക്കോടിച്ചു കയറിയത്, അന്നത്തെ കൗമാരക്കാരുടെയും യുവതി-യുവാക്കളുടെയും മനസ്സിലേക്ക് കൂടിയായിരുന്നു.ശേഷം സുധി-മിനി പേരുകൾക്ക് യാതൊരു പ്രസക്തിയും ഇല്ലായിരുന്നുവെന്ന് ഇവിടെയുള്ള കുറച്ചു പേർക്കെങ്കിലും ഓർമ കാണും എന്ന് കരുതുന്നു.

അത് പോലെ തന്നെ, സിനിമയിലെ ചില കോമഡി സീനുകൾ പിന്നീട് പറഞ്ഞു ചിരിച്ചിട്ടുള്ള കുറച്ചു പേരെങ്കിലും അന്ന് ഉണ്ടായിരുന്നു കാണും എന്ന് കരുതുന്നു.'Love and Love Only' എന്ന സാങ്കല്പിക ബുക്ക്, അനിയത്തി പ്രാവ് ചുരിദാർ, ഹീറോ ഹോണ്ട സ്പ്ലെണ്ടർ ബൈക്ക് തുടങ്ങിയവ അനിയത്തി പ്രാവ് നല്കിയ നൊസ്റ്റുകളിൽ ചിലത് മാത്രം.

സിനിമയുടെ അണിയറയിലെ ചില കൗതുകങ്ങളിലേയ്ക്ക്:

ഈ സിനിമയുടെ സംവിധായകനായ ഫാസിലിനെ ആദ്യമായി സിനിമയിൽ അവതരിപ്പിച്ചത്, ഈ സിനിമയിലെ നായകനായ കുഞ്ചാക്കോ ബോബന്റെ അച്ഛനും പ്രശസ്ത നിർമ്മാതാവും ഉദയ സ്റ്റുഡിയോയുടെ ഉടമയും ഒക്കെയായ ശ്രീ.ബോബൻ കുഞ്ചാക്കോയാണ്, അതേയാളിന്റെ മകനെ, ആദ്യമായി സിനിമയിൽ അഭിനയിപ്പിച്ചു കൊണ്ടു ആ കടം വീട്ടാൻ ഫാസിലിനു ഇട നല്കിയ സിനിമയാണ് ഇത്.ബേബി ശാലിനിയെ ആദ്യമായി വെള്ളിത്തിരയിലെത്തിച്ച, ഫാസിൽ തന്നെ, 'വലിയ' ശാലിനിയെയും നായികയായി അവതരിപ്പിച്ചുവെന്നതും സംവിധായകന്റെ വീടാണ് സിനിമയിൽ നായകന്റെ വീടായി മാറിയത്, എന്നതുമൊക്കെ,ഈ സിനിമയുമായി ബന്ധപ്പെട്ടുള്ള മറ്റു ചില കൗതുകങ്ങളാണ്.

അതുപോലെ തന്നെ,ഇന്നത്തെ കാലഘട്ടത്തിലും ഇന്നിലെ പ്രേക്ഷകരുടെ കാഴ്ചപ്പാടിലൂടെയും നമ്മൾ നോക്കുമ്പോൾ, അനിയത്തി പ്രാവിനെ ഇഷ്ടപ്പെടാൻ പറ്റാത്ത ഒരുപാട് പേരെ നമ്മുടെ ചുറ്റും കാണാൻ കഴിയുന്നില്ലേ?എന്നാൽ അവരിൽ പലർക്കും ഫാസിലിന്റെ തന്നെ സൂര്യപുത്രിയെ ഇഷ്ടപ്പെടുന്നതായും നമുക്ക് അറിയാൻ സാധിയ്ക്കും. അക്കൂട്ടരുടെ അറിവിലേക്കു വേണ്ടിയും ഒരു കൗതുകം ഇതിന്റെ അണിയറ പ്രവർത്തകർ ഒളിപ്പിച്ചു വെച്ചിട്ടുണ്ട്.

അതായത്, 'എന്റെ സൂര്യപുത്രി' എന്ന സിനിമ അതിന്റെ റിലീസ് സമയത്തു, പെണ്ണിനെ മതിൽ ചാടിച്ചു എന്ന വിവാദം നേരിടേണ്ടി വന്ന ഒന്നാണ്.ആ വിവാദത്തിനുള്ള മറുപടി എന്നവണ്ണം, മതില് ചാടിയ മക്കൾ തന്നെ അച്ഛനമ്മമാരുടെ സ്നേഹം തിരിച്ചറിയുന്നതായ അല്ലെങ്കിൽ അതിലേയ്ക്ക് കൊണ്ടെത്തിയ്ക്കുന്ന ഒരു കഥ സിനിമയാക്കണം എന്ന ഒരു ആഗ്രഹം ഫാസിലിന്റെ മനസ്സിൽ രൂപപ്പെടുന്നത് കൂടിയാണ്, ആറു വർഷങ്ങൾക്ക് ശേഷമാണെങ്കിലും 'അനിയത്തി പ്രാവ്' പിറവിയ്ക്ക് കാരണം.

സിനിമ

തൊണ്ണൂറുകളുടെ സാമൂഹിക വ്യവസ്ഥിയിൽ നിന്നു കൊണ്ടുള്ള അന്നത്തെ ടീനേജുകാരുടെയും യുവതി യുവാക്കന്മാരുടെയും വീക്ഷണ കോണിൽ നിന്ന് കൊണ്ടുള്ള കാഴ്ച്ചയിൽ നിന്നും ഇന്നത്തെ കാലഘട്ടത്തിലേയ്ക്ക് എത്തുമ്പോൾ പലതും ഉൾക്കൊള്ളാൻ പറ്റുന്നില്ല, അല്ലെങ്കിൽ പൈങ്കിളിയാണ് എന്നൊക്കെ തോന്നുന്നില്ലേ?സാരമില്ല, സിനിമ ഇറങ്ങിയ സമയത്തു ഇതു വെറുമൊരു പൈങ്കിളി കഥയായി മണ്ണറഞ്ഞു പോകുമോ എന്നൊക്കെയുള്ള സംശയങ്ങൾ ഇതിന്റെ അണിയറ പ്രവർത്തകർക്കും ഉണ്ടായിരുന്നുവെന്നതാണ് സത്യം.അപ്പോൾ പിന്നെ,സാമൂഹിക സാഹചര്യങ്ങളും ആളുകളുടെ പ്രണയ സങ്കല്പ്പങ്ങളും മാറിയ ഇന്നത്തെ കാലത്ത്, ഇത് പലർക്കും ഉൾക്കൊള്ളാനാവുന്നില്ലെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ.

പേരിന്റെ പിറവി:

'അനിയത്തി പ്രാവിന് പ്രിയരിവർ നല്കും ഒരു തരി സുഖമുള്ള നോവ്' എന്ന രമേശൻ നായരുടെ വരിയിലെ, 'അനിയത്തി പ്രാവ്' എന്ന വാക്കിനോട് സംവിധായകന് തോന്നിയ ആകർഷണമാണ് സിനിമയുടെ പേരിന് പിന്നിൽ.സിനിമയ്ക്ക് പേര് കണ്ടെത്തിയ സംവിധായകൻ തന്നെയാണ്, സിനിമയുടെ കഥയും തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നത് എന്നതാണ് മറ്റൊരു വിശേഷം.

കഥ കാലാതീതമോ:

കാലാതീതമായ ഒരു പ്രണയ കഥയൊന്നുമല്ല ഈ സിനിമ പറയുന്നത്. പക്ഷെ ഇതിന്റെ ക്ലൈമാക്സ് സന്ദേശത്തിനും സംഗീതത്തിനും ബിജിഎമ്മിനും കൂടിയും കാലത്തിന്റെ അതിർവരമ്പുകൾ ബാധകമല്ല.

സംഗീത വിശേഷങ്ങൾ:

കഥാപാത്രങ്ങളുടെ വികാര വിക്ഷോഭങ്ങളെ പ്രേക്ഷകരിലേക്കും കൂടി പകർന്നു നല്കാനും മാത്രം ഭാവാത്മകവും അർത്ഥവത്തായതുമായ, ശ്രീ. എസ്. രമേശൻ നായരുടെ കവിത തുളുമ്പുന്ന വരികളും ശ്രീ.ഔസേപ്പച്ചന്റെ സംഗീതവുമാണ് പ്രേക്ഷകരെ കഥയിൽ ലയിചിരിത്തുന്നതിൽ പ്രധാനമായ പങ്ക് വഹിക്കുന്നത്.ഒപ്പം, യേശുദാസ്, കെ.എസ്.ചിത്ര,സുജാത മോഹൻ,G.വേണുഗോപാൽ,M.G. ശ്രീകുമാർ, സി.ഓ.ആന്റോ, അരുന്ധതി എന്നിവരുടെ ഗാനാലാപനവും കൂടിയാകുമ്പോൾ ചിത്രത്തിലെ ഗാനങ്ങൾ അതിമനോഹരം എന്ന് തന്നെ പറയാം.

'അനിയത്തി പ്രാവിന്', എന്ന് തുടങ്ങുന്ന പാട്ടിന്റെ അർത്ഥവത്തായ വരികളും അതിന് ചിത്ര ചേച്ചി കൊടുക്കുന്ന ഫീലും ഒപ്പം ഗാനത്തിലെ visuals ഉം എത്രത്തോളം അതിന്റെ വരികളോട് ചേർന്ന് നിൽക്കുന്നു എന്നതും എടുത്തു പറയേണ്ടത് തന്നെയാണ്.ഇത് പോലെ തന്നെ,കഥയിലെ സിറ്റുവേഷനു പറ്റിയ വരികളും ഫീലുമായി പ്രേക്ഷകരിലേയ്ക്ക് ഇറങ്ങി ചെന്ന ഗാനങ്ങളാണ്, 'ഓ പ്രിയയും' 'വെണ്ണിലാ കടപ്പുറത്തും' പോലുള്ള പാട്ടുകളും.

*അഭിനേതാക്കൾ*:

ഇതിനോടൊക്കെ ഒപ്പം തന്നെ എടുത്തു പറയേണ്ട ഒന്നാണ് ഇതിലെ അഭിനേതാക്കളുടെ അഭിനയം. അവരിൽ മിക്കവരും ഇന്ന് മണ്മറഞ്ഞു പോയെങ്കിലും, തിലകൻ, ശ്രീവിദ്യ, kpac ലളിത, കൊച്ചിൻ ഹനീഫ, ജനാർദ്ദനൻ, പറവൂർ ഭരതൻ, ശങ്കരാടി, ഇന്നസെന്റ്,സുധീഷ്, ഹരിശ്രീ അശോകൻ, തുടങ്ങിയ മുൻനിര താര നിര തന്നെയാണ് ഈ ചിത്രത്തിനായി അണി നിരന്നത്.ഓരോരുത്തരും അവരവരുടെ റോളുകൾ ഏറ്റവും മനോഹരമായും സ്വാഭാവികമായും അവതരിപ്പിച്ചു എന്നതും സിനിമയെ കൂടുതൽ മനോഹരമാക്കുന്നു.

ഹൃദയസ്പർശിയായ
ക്ലൈമാക്സിലൂടെ:

ഈ സിനിമയുമായി ബന്ധപ്പെട്ട യൂട്യൂബ് വീഡിയോകളിൽ, ഇന്നും ഏറ്റവും കൂടുതൽ സെർച്ച് ചെയ്യപ്പെടുന്നതും ലക്ഷ കണക്കിന് പ്രേക്ഷകർ ഉള്ളതുമായ ഒന്ന് ഇതിന്റെ ക്ലൈമാക്സ് സീൻ ആണ്. മണ്മറഞ്ഞു പോയ രണ്ടു അതുല്യ പ്രതിഭകളുടെ അനായാസവും സ്വാഭാവികവുമായ അഭിനയമാണ് ഈ സീൻ പ്രേക്ഷകരുടെ മനസ്സിൽ ഇത്രയും ഇടം നേടാൻ കാരണം.

മിനിയുടെ മാല കൊടുക്കാൻ വരുന്ന സുധിയും കുടുംബവും; അവരെ സ്നേഹപൂർവ്വം സ്വീകരിക്കുന്ന അമ്മച്ചി; സംസാരത്തിനു ഇടയിൽ നിർവികാരയായി നിന്ന് എല്ലാവർക്കും ജ്യൂസ് കൊടുക്കുന്ന നായിക; അതും കഴിഞ്ഞു മാല കൊടുത്തു, അവിടെ നില്ക്കുന്ന മിനിയെ നോക്കുക പോലും ചെയ്യാതെ അവർ യാത്ര പറയാൻ ഒരുങ്ങുമ്പോൾ വരുന്ന ലളിതാമ്മ അവതരിപ്പിച്ച അമ്മച്ചിയുടെ ചോദ്യം :

'എന്റെ മോളോട് ഒന്ന് മിണ്ടിയത് പോലുമില്ലല്ലോ?നിങ്ങൾ ഇറങ്ങി കഴിയുമ്പോ അവൾ പൊട്ടി കരയുന്നത് കാണാൻ എനിക്കു പറ്റില്ല! കല്യാണമല്ലേ അവള്ടെ, ഒന്ന് അനുഗ്രഹിച്ചിട്ടെങ്കിലും പൊയ്ക്കൂടേ?'

അതോടെ അനുഗ്രഹിക്കാൻ കയ്യുയർത്തുന്ന വിദ്യാമ്മ, ഒരു നിമിഷം മിനിയെ സൂക്ഷിച്ചു നോക്കുകയും ഉടനടി വിങ്ങി പൊട്ടുകയും ചെയ്തു കൊണ്ടു പറയുന്നു:

"എന്ത് പറഞ്ഞാ ഞാനിവളെ അനുഗ്രഹിക്കേണ്ടത്?എങ്ങനെയാ ഞാനിവളെ അനുഗ്രഹിയ്ക്കേണ്ടത്?എന്റെ മോളല്ലേ? ഇങ്ങ് തന്നേരെ, ഞാൻ നോക്കിക്കോളാം അവളെ!പൊന്ന് പോലെ!"

അതിന്റെ മറുപടിയായി വീണ്ടും അമ്മച്ചി, "എടുത്തോ, എടുത്തോണ്ട് പൊക്കോ, എന്നിട്ടവടെ ചെറുക്കനെ അവക്കും കൊടുത്തേര്" എന്ന് പറയുമ്പോൾ പ്രേക്ഷകരും ആ ഭാവാഭിനയത്തിൽ ലയിച്ചിരുന്നു പോകുന്നു.

'അമ്മച്ചി, അമ്മച്ചി എന്താ ഈ പറഞ്ഞേ' എന്ന് ചോദിയ്ക്കുന്ന ഈയോയും, "പെറ്റ തള്ളയ്ക്കെ മനസ്സിലാകുള്ളൂ അതെല്ലാം! ചങ്ക് പറിച്ചെടുത്തോണ്ടു പോകുന്ന വേദനയും കടിച്ചമർത്തി അവൾ നിന്നത് കണ്ടില്ലേ നിങ്ങളൊക്കെ,അവടെ ഇഷ്ടം നടത്തി കൊടുക്കെടാ മക്കളെ!" എന്ന് പറയുന്ന അമ്മച്ചിയും ക്ലൈമാക്സിലെ ടെൻഷനും വിഷമവും എല്ലാം ചേർന്ന മാനസികാവസ്ഥയ്ക്ക് തികച്ചും യോജിച്ച ബിജിഎമ്മും എല്ലാം കൂടി ആകുമ്പോൾ കാൽ നൂറ്റാണ്ടിന് ഇപ്പുറവും ആ സീൻ പലരുടെയും കണ്ണ് നിറയ്ക്കുന്നു. ആ രംഗം അമ്മമാരും ശാലിനിയും ഏട്ടന്മാരും എല്ലാവരും നന്നായി അഭിനയിച്ചു എന്ന് തന്നെ പറയാം. അവസാനവും, 'അങ്ങനെ കൊണ്ടു പോകാൻ ഞങ്ങൾ സമ്മതിക്കില്ല' എന്ന് പറഞ്ഞു വീണ്ടും ഒരു ഉടക്കും ടെൻഷനും നിറഞ്ഞ അന്തരീക്ഷം കൊടുക്കുന്നുണ്ടെങ്കിലും പിന്നീട് 'ഞങ്ങളായിട്ട് തന്നേക്കുവാ' എന്ന് പറഞ്ഞു relaxed ആക്കുന്നതോടെ സിനിമ ശുഭപര്യവസായി ആകുന്നു.

*ചരിത്രവിജയത്തിന്റെ* *സൂത്രവാക്യം*:

രണ്ടു പേര് പരസ്പരം പ്രണയിച്ച ശേഷം, ആ യാത്രയിൽ വന്നു ചേരുന്ന എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്തു, കഥാന്ത്യത്തിൽ ഒന്നിക്കുന്ന പാരമ്പരാഗത രീതിയിൽ നിന്നും, സ്വന്തം പ്രണയത്തെ വീട്ടുകാർ എതിർക്കുമ്പോൾ, വീട്ടുകാർക്ക് വേണ്ടി സ്വന്തം ആഗ്രഹത്തെ ത്യജിക്കാൻ, ആ മക്കൾ കാണിക്കുന്ന മനസ്സും അവരുടെ ആ മനസ്സ് തിരിച്ചറിഞ്ഞു കൊണ്ട് ജാതി-മത വിവേചനങ്ങളൊന്നും വക വെയ്ക്കാതെ മക്കളുടെ ആഗ്രഹത്തിന് ഒപ്പം നില്ക്കാൻ മനസ്സ് കാണിച്ച മാതാപിതാക്കളും കൂടി ചേർന്നപ്പോഴാണ്, ഈ സിനിമ അത് വരെയുള്ള മറ്റു പ്രണയ ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമായത്. മാതാപിതാക്കൾക്കും കുടുംബ ബന്ധങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന കഥ എന്നത് തന്നെയാണ്, ഇതിന്റെ വ്യത്യസ്തതയും വിജയ രഹസ്യവും.

ഇതിനുമപ്പുറം എന്ത് സന്ദേശമാണ് ഒരു സാധാരണ പ്രണയ ചിത്രത്തിന് നല്കാനാകുക?ആരും ആർക്കും വേണ്ടിയും ഒന്നും ത്യജിക്കുന്നുമില്ല, ആർക്കും ഒന്നും നഷ്ടപ്പെടുന്നുമില്ല, പകരം വാശിയും വഴക്കും മറന്നു വേണ്ടപ്പെട്ടവരുടെ മനസ്സ് മനസ്സിലാക്കി അവരുടെ ആഗ്രഹങ്ങളെ മാനിയ്ക്കുന്ന നല്ലൊരു പ്രണയ-കുടുംബ ചിത്രം!

പ്രണയ കഥ പറയുന്ന സിനിമകളിൽ, അത് വരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ക്ലൈമാക്സ് ട്വിസ്റ്റുകൾ ആണ്, 'അനിയത്തി പ്രാവിനെ' അത് വരെ ഇറങ്ങിയ സിനിമകളിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ചിത്രവും അക്കാലത്തെ 'industry hit' ഉം ഒക്കെയായി മാറ്റിയത്.

കളക്ഷൻ:
ഇനീഷ്യൽ കളക്ഷൻ 40% ഇൽ താഴെ മാത്രം ആയിരുന്ന സിനിമയുടെ, Box office കളക്ഷൻ 10.5 കോടിയും world wide gross 16 കോടിയുമാണ്. 1997 സെപ്റ്റംബർ ൽ 11 കോടി നേടിയ 'ചന്ദ്രലേഖ' യിലൂടെ വെറും അരക്കോടി രൂപയ്ക്കാണ് ആ റെക്കോർഡ് ബ്രേക്ക് ആയത്.എന്നാൽ 1997 ഡിസംബർ ഇൽ ക്രിസ്തുമസ് റിലീസ് ആയെത്തിയ 'ആറാം തമ്പുരാൻ',15 കോടി നേടി മെഗാഹിറ്റ് മൂവി വിജയമായതോടെ, അനിയത്തി പ്രാവും കൂട്ടരും മൂന്നാം സ്ഥാനത്തേയ്ക്ക് പിന്തളപ്പെട്ടു;അപ്പോഴും world wide gross കളക്ഷനിൽ ഇവ തമ്മിൽ വെറും ഓരോ കോടി രൂപയുടെ വ്യത്യാസം ആണുള്ളത്,16 കോടി,17 കോടി,18 കോടി എന്നിങ്ങനെ.

റീമേക്കുകൾ:
സിനിമ റിലീസ് ആകും മുൻപേ റീമേക്ക് അവകാശം വിറ്റു പോയ ചിത്രം കൂടിയാണ് ഇത്: 'നേനു പ്രേമിസ്തുന്നാനു' എന്ന പേരിൽ ഇറങ്ങിയ തെലുഗു പതിപ്പ് ആയിരുന്നു ആ റീമേക്ക്. ഈ ചിത്രം, 'കാതലുക്ക് മര്യാദൈ' എന്ന പേരിൽ തമിഴിലും 'ഡോലി സാജാ കെ രഖ്നാ' (1998) എന്ന പേരിൽ ഹിന്ദിയിലും 'പ്രീതി ഗാഗി'( 2007) എന്ന പേരിൽ കന്നഡയിലേയ്ക്കും റീമേക്ക് ചെയ്യപ്പെട്ടു. ചിത്രത്തിന്റെ തമിഴ് പറിപ്പും മലയാളം പോലെ തന്നെ ബോക്സ് ഓഫീസ് വിജയമായിരുന്നു. ക്ലൈമാക്സിൽ പ്രേക്ഷകർ എഴുന്നേറ്റ് നിന്ന് കയ്യടിച്ചു സ്വീകരിച്ചു എന്നതും ഒരു പ്രത്യേകതയാണ്.

ഉപസംഹാരം:

പഴയ കാല പ്രണയത്തിന്റെ ഓർമകളുണർത്തി ശരിയായ സമയത്ത്, വന്ന ഈ ചെറിയ ചിത്രം, അന്ന് വലിയൊരു പേരെടുത്തുവെന്നതും ഇന്ന് ആ ചിത്രം കാൽ നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു എന്നതും ഒരു സന്തോഷപ്രദമായ കാര്യം തന്നെയാണ്. അങ്ങനെ ജാതിയുടെയോ മതത്തിന്റെയോ അതിർവരമ്പുകൾ തട്ടി വഴുതി വീഴാതെ ആ പ്രണയനദി ഒഴുകിയൊഴുകി ഇരുപത്തിയഞ്ചു കൊല്ലം മുന്നോട്ട് നടന്നിരിക്കുന്നു; കാലം മാറിയിട്ടും ഇന്നും ഓർമ്മിക്കപ്പെടുന്ന ഒരു പ്രണയ ചിത്രമായി അത് നിലകൊള്ളുകയും ചെയ്യുന്നു.